(എഫ്) ജ്യോതിഷം, വൈദ്യം ഇവ തൊഴിലാക്കി സ്വീകരിച്ചിട്ടുള്ള സമുദായാംഗങ്ങൾക്ക് ബാദ്ധ്യ സാക്ഷ്യപത്രം കൊടുക്കാനുള്ള അവകാശം കേരള ഗുരുക്ഷേത്ര സമാജത്തിന് നൽകുമോ ; അതിന് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് വല്ല നിർദ്ദേശവുമുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം വായ്പാ പദ്ധതികൾ എല്ലാ പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്കും നൽകുന്നുമുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വാർദ്ധക്യകാല പെൻഷന് അർഹരായ എല്ലാപേർക്കും ഇപ്പോൾത്തന്നെ ലഭ്യമാണ്. ക്ഷേമപദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്) ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സർവ്വേ

3(906) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇവരുടെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമത്തിനായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ ഏതൊക്കെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രത്യേക ഘടക പദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും യഥാക്രമം 101.71 കോടി രൂപയും 21.7016 കോടി രൂപയും 31-12-1999 വരെ ചെലവഴിച്ചിട്ടുണ്ട്. അവയുടെ വകുപ്പ് തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

പട്ടികവർഗ്ഗ വികസന ഓഫീസ് ആരംഭിക്കാൻ നടപടി

4(907) ശ്രീ. പി. ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴായിരത്തോളം പട്ടികവർഗ്ഗ ജനസംഖ്യയുള്ള കൊല്ലം ജില്ലയ്ക്കും ഏഴായിരത്തോളം പട്ടികവർഗ്ഗ ജനസംഖ്യയുള്ള ആലപ്പുഴ ജില്ലയ്ക്കും കൂടി ഒരു പട്ടികവർഗ്ഗ വികസന ജില്ലാ ഓഫീസ് മാത്രം പ്രവർത്തിക്കുന്നത് കൊണ്ട് പട്ടികവർഗ്ഗത്തിന് ലക്ഷ്യമിട്ട നേട്ടം കൈവരിക്കുന്നതിന് കാലവിളംബം നേരിടുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൻമൂലം ആലപ്പുഴ ജില്ലയിൽ നിന്നും പട്ടികവർഗ്ഗത്തിന് നീക്കി വച്ചിട്ടുള്ള മെഡിക്കൽ കോളേജ് പ്രവേശന സംവരണത്തിൽ ഒരൊറ്റ വിദ്യാർത്ഥി പോലും നാളിതുവരെ ഉണ്ടായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതിലുപരിയായി ആലപ്പുഴ ജില്ലയിൽ പട്ടികവർഗ്ഗത്തിലെ ഉള്ളാട ഉപജാതിയിൽ നിന്നും ഒരൊറ്റ ഡിഗ്രി വിദ്യാർത്ഥി പോലും നാളിതുവരെ ഉണ്ടായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ചേർത്തല താലൂക്കിലെ രണ്ടായിരത്തോളം വരുന്ന പട്ടികവർഗ്ഗ ജനസംഖ്യ കണക്കിലെടുത്ത് ഒരു താലൂക്ക് എക്സ്റ്റൻഷൻ ഓഫീസ് തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ആലപ്പുഴ ജില്ലയിൽ എല്ലാ വികസന ബ്ലോക്കുകളുടെ പരിധിയിലും മുൻസിപ്പൽ പ്രദേശത്തും ചിന്നിച്ചിതറി വ്യാപിച്ച് കിടക്കുന്ന പട്ടികവർഗ്ഗക്കാർക്ക് കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിന് നിലവിലുള്ള എക്സ്റ്റൻഷൻ ഓഫീസിൽ സ്റ്റാഫിനെ വർദ്ധിപ്പിക്കുവാനും ഒരു വാഹനം കൊടുക്കുവാനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആലപ്പുഴ ജില്ലയിലെ നാല് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇപ്പോൾ മെഡിക്കൽ പഠനം നടത്തുന്നുണ്ട്.

(സി) ഉള്ളാട സമുദായത്തിൽപ്പെട്ട അഞ്ച് ഡിഗ്രി വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

+അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.

5. ശ്രീ. എം. കെ. മുനീർ എം.എൽ.എ.

6. ശ്രീ. എം. നാരായണൻ (കുഴൽമന്ദം) എം.എൽ.എ.

7. അഡ്വ.വി. ബാലചന്ദ്രൻ, പ്രസിഡന്റ്, കേരള സ്പോർട്ട്സ് കൗൺസിൽ.

8. ശ്രീ. റ്റി. ശശിധരൻ, വൈസ് ചെയർമാൻ, കേരള യൂത്ത് വെൽഫയർ ബോർഡ്

9. ശ്രീമതി പാർവതീദേവി, സുഭാഷ് നഗർ, തിരുവനന്തപുരം

10. ശ്രീമതി സുധാദേവി, രചന, എറണാകുളം.

11. ശ്രീ. ജെ. മധുസൂദനൻ പിള്ള

12. ശ്രീ. എ. ജലാലുദീൻ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

13. ഡോ. ജി. കിഷോർ, മെമ്പർ സെക്രട്ടറി, കേരള യൂത്ത് വെൽഫയർ ബോർഡ്

(മെമ്പർ സെക്രട്ടറി)

അനുബന്ധം III

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3(906) ദയവായി കാണുക]

പ്രത്യേക ഘടക പദ്ധതിയിലും, പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഈ സാമ്പത്തിക വർഷത്തിൽ 31-12-1999 വരെ ചെലവാക്കിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

ക്രമ നമ്പർ	ചെലവാക്കിയ പദ്ധതിയുടെ പേര്	പ്രത്യേക ഘടകപദ്ധതി	പട്ടികവർഗ്ഗ ഉപപദ്ധതി
(1)	(2)	(3)	(4)
1.	വനം (വികസനം)	ഇല്ല	0.06
2.	വനം (വന്യജീവി സംരക്ഷണം)	ഇല്ല	0.03
3.	ഗ്രാമവികസനം		
	1. സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന	0.43	0.01

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
	2. ജവഹർ ഗ്രാമസമൃദ്ധി യോജന	3.98	0.18
	3. ഇന്ദിരാ ആവാസ് യോജന	3.13	0.27
	4. ഇന്ദിര ആവാസ് യോജനയിലും, ജവഹർ റോസ്ഗാർ യോജനയിലും നിർമ്മിക്കുന്ന വീടുകൾക്കുള്ള അനുബന്ധ സഹായം	7.41	0.82
4.	വൈദ്യുതീകരണം	1.80	0.18
5.	വ്യവസായം	0.82	ഇല്ല.
6.	കൈത്തറിവികസനം	0.04	ഇല്ല.
7.	പൊതുവിദ്യാഭ്യാസം	0.55	ഇല്ല.
8.	സ്പോർട്ട്സും, യുവജനകാര്യവും	0.01	ഇല്ല.
9.	ആരോഗ്യം (അലോപ്പതി)	ഇല്ല.	0.0012
10.	മെഡിക്കൽ വിദ്യാഭ്യാസം	0.01	ഇല്ല.
11.	ശുദ്ധജലവിതരണം	ഇല്ല	0.13
12.	തൊഴിലും പരിശീലനവും	0.12	0.0004
13.	പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ		
	1. കുടിൽ വ്യവസായം	0.01	ഇല്ല.
	2. ആകസ്മിക ചിലവുകൾക്കുള്ള പ്രത്യേകനിധി	0.30	ഇല്ല.
	3. തീവ്ര സാങ്കേതിക വികസനവും, അംബേദ്കർ ഗ്രാമവികസനവും	4.95	ഇല്ല.
	4. സംസ്ഥാന പദ്ധതികൾ	3.18	ഇല്ല.
	5. സംസ്ഥാനാവിഷ്കൃത പദ്ധതികൾ	9.82	ഇല്ല.
14.	പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ		
	1. സംസ്ഥാന പദ്ധതികൾ	ഇല്ല.	5.64

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
2.	സംസ്ഥാനാവിഷ്കൃത പദ്ധതികൾ	ഇല്ല.	0.83
	3. ആകസ്മിക ചെലവുകൾക്കുള്ള പ്രത്യേകനിധി	ഇല്ല.	0.27
15.	പൊതുമരാമത്ത്		
	1. കെട്ടിട നിർമ്മാണം	2.02	ഇല്ല.
	2. റോഡ് നിർമ്മാണം	ഇല്ല.	0.92
16.	കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വിവിധപദ്ധതികൾ	2.53	0.07
17.	കിർത്താഡ്സിന്റെ വിവിധ പദ്ധതികൾ	ഇല്ല.	0.18
18.	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ	80.60	12.11
	ആകെ	101.71	21.7016

അനുബന്ധം IV

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7(910) ദയവായി കാണുക]

	1999-2000 ൽ നീക്കിവെച്ച തുക (രൂപ)	2000 ജനുവരി- 31 വരെ ചെലവഴിച്ച തുക (രൂപ)
പ്രീമെട്രിക് സ്കോളർഷിപ്പ്- 2 ലക്ഷം (പ്ലാൻ)		1.98 ലക്ഷം
പ്രീമെട്രിക് സ്കോളർഷിപ്പ്- 242 ലക്ഷം (നോൺ പ്ലാൻ)		218.45 ലക്ഷം
പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്- 8 ലക്ഷം (പ്ലാൻ)		7.99 ലക്ഷം
പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്-865 ലക്ഷം (നോൺ പ്ലാൻ)		906.08 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly